"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം - തൃപ്പൂണിത്തുറ നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.രശ്മി.എൻ.ആർ,-ന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2826/2025/LSGD തീയതി,തിരുവനന്തപുരം, 17-11-2025

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 30.12.2024 തീയതിയിലെ LSGD/PD/12357/2023-DEC3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃപ്പൂണിത്തുറ നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.രശ്മി.എൻ.ആർ, ടിയാളുടെ ചികിത്സാർത്ഥം (High Risk Pregnancy) 06.09.2019 മുതൽ 26.10.2019 വരെ ആർജ്ജിതാവധിയിലും തുടർന്ന് ജോലിയിൽ പ്രവേശിക്കാതെ 27.10.2019 ൽ ഹാജരാക്കിയ 28.10.2019 തീയതി രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം 27.10.2019 മുതൽ 12.05.2020 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയിലും തുടർന്ന് പ്രസവാവധിയിലും പ്രവേശിച്ചിരുന്നതിനാൽ ടിയാൾക്ക് 27.10.2019 തീയതിയിൽ(ഒരു ദിവസം) മെഡിക്കൽ ഗ്രൗണ്ടിൽ അല്ലാതെയും 28.10.2019 മുതൽ 12.05.2020 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും ശൂന്യവേതനാവധി അനുവദിക്കുന്നതിനായി ടിയാളുടെ അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം പരാമർശം കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃപ്പൂണിത്തുറ നഗരസഭയിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.രശ്മി.എൻ.ആർ-ന് 27.10.2019 തീയതിയിലേക്ക് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും 28.10.2019 മുതൽ 12.05.2020 വരെ ടി കാലയളവ് ആർജ്ജിതാവധിയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും കെ.എസ്.ആർ, ഭാഗം I, ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് ,തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. രശ്മി.എൻ.ആർ, ക്ലർക്ക്, തൃപ്പൂണിത്തുറ നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ, മുഖേന)
സെക്രട്ടറി, തൃപ്പൂണിത്തുറ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 18-11-2025 10:33:01
സെക്ഷൻ ഓഫീസർ